# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 24/2049/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/11/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പുൽപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുൽപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 24/2049/2024

തീയ്യതി: 08/11/2024

# മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-09-2023 മുതൽ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 09-09-2024 | 20-09-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|
| 09-09-2024 | 20-09-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ സക്കീർ ഹുസൈൻ പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലത ഒ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഹുസ്ന വി സി, ഓഡിറ്റർ
ശ്രീ മുഹമ്മദ് ആഖിൽ പി, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.സി.അബ്ദുറഹിമാൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.ആരിഫുദ്ധീൻ.എ | സെക്രട്ടറി | 01-04-2023 | 09-04-2023 |
| ശ്രീ.പ്രതോഷ്.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-04-2023 | 23-04-2023 |
| ശ്രീ.ആരിഫുദ്ധീൻ.എ | സെക്രട്ടറി | 24-04-2023 | 04-07-2023 |
| ശ്രീ.പ്രതോഷ്.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-07-2023 | 23-07-2023 |
| ശ്രീ അനസ് വൈ | സെക്രട്ടറി | 24-07-2023 | 19-12-2023 |
| ശ്രീ.പ്രതോഷ്.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-12-2023 | 01-01-2024 |
| ശ്രീ അനസ് വൈ | സെക്രട്ടറി | 01-01-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രതോഷ്.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീ ബിമൽ റോയ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി.ഷഹാന.സി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ.മുഹമ്മദ്.എ.കെ | ഹെഡ് മാസ്റ്റർ | 01-04-2023 | 12-06-2023 |
| ശ്രീ വിനോദ് കുമാർ | ഹെഡ് മാസ്റ്റർ | 13-06-2023 | 31-03-2024 |
| ശ്രീ.അബ്ദുൾ ഗഫൂർ.എൻ | വിഇഒ | 01-04-2023 | 27-07-2023 |
| ശ്രീമതി വിജയശ്രീ എൽ | വിഇഒ | 28-07-2023 | 31-03-2024 |
| ശ്രീമതി.ഗീത.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 01-09-2023 |
| ശ്രീമതി ലിജിത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-09-2023 | 31-03-2024 |
| ഡോ.ജയശ്രീ.പി.വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 04-07-2023 |
| ഡോ നിത്യ പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 05-07-2023 | 05-09-2023 |
| ഡോ ജസീല പോത്തങ്ങോടൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 06-09-2023 | 31-03-2024 |
| ഡോ.അജിത.ടി.ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 10-09-2023 |

| | | | |
|---|---|---|---|
| ഡോ അനൂജ കണ്ണൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 11-09-2023 | 31-03-2024 |
| ഡോ.ഷെറിൻ കൃഷ്ണ.പി | മെഡിക്കൽ ഓഫീസർ (പി എച് സി) | 01-04-2023 | 05-07-2023 |
| ഡോ ഷൗക്കത്തലി | മെഡിക്കൽ ഓഫീസർ (പി എച് സി) | 06-07-2023 | 31-03-2024 |
| ശ്രീമതി.നഷാത്ത്.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ.ഉസ്മാൻ.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2023 | 21-08-2023 |
| ശ്രീ ശ്രീകാന്ത് കെ പി | അസിസ്റ്റന്റ് എഞ്ചിനിയർ | 22-08-2023 | 31-03-2024 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | തുകകൾ ദശാംശ രൂപത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു | 1-1-4 |
| 6 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ ചെലവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ജില്ലാ പഞ്ചായത്ത് വിഹിതം വിനിയോഗിക്കാതെ അവശേഷിക്കുന്നു | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക നില | 1-3 |
| 10 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 11 | പദ്ധതി അവലോകനം. | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 17 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ "- അവലോകനം | 1-11 |
| 18 | തൊഴിൽ നികുതി - അപാകങ്ങൾ | 1-12 |
| 19 | മുൻകൂർ തുക അടവാക്കി - മരുന്നുകൾ ലഭ്യമായില്ല | 1-13 |
| 20 | ബാങ്ക് അക്കൌണ്ടിൽ പണം സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട | 1-14 |

| | | |
|---|---|---|
| | അപാകങ്ങൾ - വരുമാന നഷ്ടം | |
| 21 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല | 1-15 |
| 22 | കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-16 |
| 23 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ-തുടർവിവരം അറിയിക്കേണ്ടതാണ്. | 1-17 |
| 24 | ഐ സി ഡി എസ് സൂപ്പർവൈസറുടെ പദ്ധതി സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല. | 1-18 |
| 25 | ലൈഫ് ഭവന പദ്ധതി-അധിക തുക നൽകി | 1-19 |
| 26 | ഹരിത കർമ്മ സേനക്ക് ഉപകരണങ്ങൾ വാങ്ങൽ- സ്റ്റോക്ക് അപാകത | 1-20 |
| 27 | അജൈവ മാലിന്യം കയറ്റി അയക്കൽ-അപാകത | 1-21 |
| 28 | ലൈഫ് ഭവന നിർമ്മാണം-പൂർത്തീകരിച്ചിട്ടില്ല. | 1-22 |
| 29 | ഓപ്പൺ ജിംനേഷ്യം - തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-23 |
| 30 | VEELS സോഫ്റ്റ്വെയർ അപ്ലേഷൻ വരുത്തിയതിന്റെ വിവരം സംബന്ധിച്ച് | 1-24 |
| 31 | ലൈബ്രറി സെസ്സ് യഥാസമയം അടവാക്കുന്നില്ല. | 1-25 |
| 32 | ചെലവുകളുടെ അനുബന്ധ രേഖകൾ,വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. | 1-26 |
| 33 | മഴക്കാല പൂർവ്വ ശുചീകരണം - ശുചിത്വ മിഷൻ ഫണ്ട് മുഴുവൻ ചെലവാക്കിയില്ല | 1-27 |
| 34 | SC വിവാഹ ധനസഹായം അധികം നൽകിയത് | 1-28 |
| 35 | എസ്.എസ്.കെ വിഹിതം അടവാക്കൽ -രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-29 |
| 36 | തെരുവുവിളക്ക് റിപ്പയർ - അപാകതകൾ | 1-30 |
| 37 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്റ്റുകൾ - ചെലവ് പത്രികയിൽ അവ്യക്തത. | 1-31 |

| | | |
|---|---|---|
| 38 | തുടർസാക്ഷരത-രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-32 |
| 39 | കാരാപ്പറമ്പ് പൊതു ഗ്രൗണ്ട് - വെള്ള സൗകര്യം ഒരുക്കാതെ ടോയ്ലറ്റ് കോംപ്ലക്സ് നിർമിച്ചു | 1-33 |
| 40 | വനിതാ വ്യവസായ കേന്ദ്രം നിർമാണം - വിനിയോഗിക്കാത്ത തുക തിരിച്ചടവാക്കിയില്ല. | 1-34 |
| 41 | ദുരിതാശ്വാസ നിധി - ഫലപ്രദമല്ല. | 1-35 |
| 42 | റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി - അധിക തുക തിരിച്ചടവാക്കി | 1-36 |
| 43 | ലേല നടപടികൾ പൂർത്തീകരിക്കാനായില്ല. | 1-37 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ലൈഫ് ഭവന പദ്ധതി-അധിക തുക നൽകി | 3-1 |
| 2 | SCവിവാഹ ധനസഹായം അധികം നൽകി | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിര

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേ (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എ കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/2 മറുപടിയായി മേൽപ്പറഞ്ഞ പത്രികകൾ നിലവിൽ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയറിൽ ഉ സാഹചര്യമാണ് ഉള്ളതെന്നും ഈ പ്രശ്നം ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക വിഭാഗത്ത പരിഹരിക്കാൻ ശ്രമിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പുരോഗതികൾ ഓഡിറ്റിനെ അറിയിക്കേണ്ടത

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**പുൽപ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ** 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെ എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോ 29.07.2024 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31.07.2024 തീയതിയിൽ എയ പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ച ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്ര സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടു തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തര

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാന ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയു വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരി അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുൽപ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ (2023-24)**

**ധനകാര്യപത്രികകൾ 31.03.2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

ഡെപ്യൂട്ടി ഡ

സ്ഥലം : മലപ്പുറം

തീയതി : 08-11-2024

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedul പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓ 3/2023-24 തീ. 10.09.2024) മറുപടിയായി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിന് വേണ കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ആസ്തി രജിസ്റ്റർ കാലികമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേ

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ' Net Increase/(Decrease) In Cash And Cash Equivalance ‘ ആയ (21100951.50/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing രേഖപ്പെടുത്തിയ തുകയും (40924305/-) തുല്യമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വ തീ. 10.09.2024) മറുപടിയായി ‘Net Increase/(Decrease) In Cash And Cash Equivalance’ ആയി തിരുത്തൽ വരുത്താനുള്ള സൌകര്യം പഞ്ചായത്തിന് ലഭ്യമല്ലാത്തത് കൊണ്ടാണ് ഇങ്ങനെ സ സൌകര്യം ലഭ്യമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ സമീപിക്കുന്നതാണെന്നും അറിയിച്ചു. അറിയിക്കേണ്ടതാണ്.

## 1-1-4 തുകകൾ ദശാംശ രൂപത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) പ്രകാരം ധനകാര്യ പത്രി രൂപത്തിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല. ഉദാഹരണങ്ങൾ താഴെ

| ഹെഡ് കോഡ് | ഹെഡ് വിവരണം | |
|---|---|---|
| 350300101 | Government And Other Dues Payable - Library Cess | |
| 140120101 | Permit Fee For Construction Of Buildings | |

## 1-1-5 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ ചെലവ് വാർഷിക ധനകാര്യ പ പൊരുത്തപ്പെടുന്നില്ല

താഴെ പറയുന്ന ഫണ്ടുകളിലെ എ.സി.ആർ. (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ) പ്രകാരമുള്ള പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | എ.സി.ആർ പ്രകാരമുള്ള ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് [(B-3 Of 2023-24) - (B-3 Of 2022-23) + I-6] |
|---|---|---|
| കേന്ദ്ര ധനകാര്യ കമ്മീഷൻ - ബേസിക് ടാക്സ് ഗ്രാന്റ് | 4461638 | 4511120 |

| | | |
|---|---|---|
| (അൺറ്റൈഡ്) | | |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (റ്റൈഡ്) | 4611143 | 6241487 |

## 1-1-6 ജില്ലാ പഞ്ചായത്ത് വിഹിതം വിനിയോഗിക്കാതെ അവശേഷിക്കുന്നു

ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ 2111700/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നത വ്യക്തമാക്കുന്നു.

## 1-2 ബജറ്റ്

| 2023-24 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | (പുതുക്കിയത്) തീരുമാന നം./തി |
|---|---|
| 1/ 25.03.2023 | 2/09.02.2024 |

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 41887481 |
| വരവ് | 280516400.50 |
| ആകെ | 322403881.50 |
| ചെലവ് | 259415449 |
| നീക്കിയിരിപ്പ് | 62988432.50 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 26664055 | 26664055 | 24178737 | 2485 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10379606 | 10379606 | 9276260 | 11033 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 20006000 | 20006000 | 15512159 | 4493 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 10539400 | 10539400 | 9045844 | 1493 |
| 13-ാം ധനകാര്യ കമ്മീഷൻ | 0 | 4898000 | 4898000 | 4461638 | 4363 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്(അൺടൈഡ് ബേസിക്) | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 3673000 | 3673000 | 4611143 | -938 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂ ്രേ ശ |
|---|---|---|---|---|---|---|
| 378 | 324210023 | 231 | 152771240 | 0 | 147 | |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 644719 | 938293 | 1583012 | 1583006 | 6 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 29139492 | 29139492 | 29139492 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്ക എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 4088000 | 2596 |
| വിധവാപെൻഷൻ | 15853100 | 1149 |
| വാർദ്ധക്യകാലപെൻഷൻ | 27266700 | 19012 |
| വികലാംഗപെൻഷൻ | 5897800 | 3759 |
| വിവാഹധനസഹായം | 240000 | 8 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള ധനസഹായം | 575400 | 364 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശേ
PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4
ബാലൻസ് ഉള്ളതായി കാണുകയും ആയതിന്റെ കൃത്യത ബോധ്യപ്പെടുകയും ചെയ്തു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedu
പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നി
മോണിട്ടറിങ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

3)രേഖകളുടെയും രജിസ്റ്ററുകളുടെയും പരിപാലനം തൃപ്തികരമല്ല. പരാതി രജിസ്റ്റർ, മെയിന്റനൻസ
സർവീസബിൾ ഐറ്റം രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല.

4) മാലിന്യ സംസ്കരണ സംവിധാനം ഫലപ്രദമായിട്ടില്ല. സ്വന്തമായി MCF കെട്ടിടം , മറ്റ് അനുബന്ധ മെ

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് തീയ |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.11.2022-11.11.22 | 01.02.2022 - 31.10.2022 | 11.11.20 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.10.2023 - 25.10.2023 | 2018-19 മുതൽ 2022-23 | 12.12.20 |

## 1-11 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹ സേനയിലൂടെ "- അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.
പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ
സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" എന്ന വിഷയം സംബന്ധിച്ച് നടത്തിയ പരിശോധ
പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് പര
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1)അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| പഞ്ചായത്തിലെ ആകെ ജനസംഖ്യ | 42 |
| ആകെ വാർഡുകളുടെ എണ്ണം | 21 |
| ഓരോ വാർഡിലെയും ആൾ താമസമുള്ള വീടുകളുടെ എണ്ണം | 10 |
| ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 45 |
| വാർഡിലെ ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | 43 |

**2) മാലിന്യശേഖരണ കാര്യക്ഷമത-**

ഗ്രാമപഞ്ചായത്തിൽ 2 വാർഡിൽ പടിക്കലപറമ്പിലാണ് എം സി എഫ് സ്ഥിതി ചെയ്യുന്നത്. 20 പ്രവർത്തിക്കുന്നുണ്ട്.മാലിന്യ ശേഖരണത്തിനായി കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.അതു പ്രകാര പ്രവർത്തനങ്ങൾ നടത്തിവരുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| **മാലിന്യത്തിന്റെ വിവരം** | **ശേഖരിയ്ക്കുന്ന മാസങ്ങൾ** |
|---|---|
| ഇ വേസ്റ്റ് | ജനുവരി, ജൂലൈ |
| തുണി മാലിന്യങ്ങൾ | ഫെബ്രുവരി, |
| ആപത്കരമായ മാലിന്യങ്ങൾ | മാർച്ച് |
| ചെരിപ്പ്, ബാഗ്, തെർമോക്കോൾ, തുകൽ, കാർപ്പറ്റ്, അപ് ഹോസ്റ്ററി വേസ്റ്റ്സ് | ഏപ്രിൽ, നവം |
| കുപ്പി, ചില്ല് മാലിന്യങ്ങൾ | മെയ്, ഡിസംബ |
| വാഹന ടയറുകൾ | ജൂൺ |
| സ്ക്രാപ്പ് ഇനങ്ങൾ | ആഗസ്റ്റ് |
| മരുന്ന് സ്ലിപ്പുകൾ | സെപ്റ്റംബർ |
| ആപത്കരമായ ഇ വേസ്റ്റുകൾ | ഒക്ടോബർ |
| പേപ്പർ പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കവറുകൾ | എല്ലാ മാസങ്ങ |

പഞ്ചായത്തിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും ഹരിത കർമ്മസേനയ്ക്കു കീഴിൽ കൊണ്ടു വര

എല്ലാ മാസവും എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും അംഗങ്ങൾ എത്താൻ ശ്രമിയ്ക്കുന്നുണ്ട്. വിപുലമായ എഫ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. മ എത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സ്വന്തമായി വാഹനം വാങ്ങിയിട്ടുണ്ട്. ഹരിതകർമസേന ഡ്രൈവർമാരായി പ്രവർത്തിക്കുന്നത്. നോഡൽ ഓഫീസറുടെ നിർദേശാനുസരണം ശേഖരിയ്ക്കു എഫിലേയ്ക്ക് എത്തിയ്ക്കുന്നു.

**3) മാലിന്യ വേർതിരിവ് പാലിക്കൽ**

ഹരിത കർമ്മസേനയിൽ ഇപ്പോൾ 43 അംഗങ്ങളുണ്ട്.എല്ലാ മാസവും വീടുകളിൽ നിന്നും രണ്ടാഴ്ച കൂ മാലിന്യങ്ങൾ ശേഖരിച്ച് എം സിഎഫിൽ എത്തിയ്ക്കുകയും അവിടെ നിന്ന് തരം തിരിച്ച് റിജക്റ്റഡ് േ നൽകി വരുന്നു.

**4) റീസൈക്ലിംഗ്**

തരം തിരിച്ച മാലിന്യങ്ങൾ (റിജക്റ്റഡ് മാലിന്യം) പഞ്ചായത്തുമായി കരാറിലേർപ്പെട്ട ഗ്രീൻ വേ റീസൈക്ലിംഗ് ചെയ്ത മാലിന്യത്തിന്റെ വിവരമാണ് താഴെ ചേർക്കുന്നത്.

| **മാസം** | **റീസൈകിൾ ചെയ്ത മാലിന്യം** |
|---|---|
| ഏപ്രിൽ | 8530 |
| മെയ് | 7490 |
| ജൂൺ | 3510 |
| ജൂലൈ | 3490 |
| ആഗസ്റ്റ് | 3275 |
| സെപ്റ്റംബർ | 5820 |

| | |
|---|---|
| ഒക്ടോബർ | 6540 |
| നവംബർ | 8130 |
| ഡിസംബർ | 15082 |
| ജനുവരി | 17263 |
| ഫെബ്രുവരി | 17542 |
| മാർച്ച് | 18720 |
| ആകെ | 115392 |

**5.കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

മാലിന്യസംസ്കരണ ബോധവത്ക്കരണരീതികളെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനായി പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.

ക്യാമ്പയിൻ പ്രവർത്തനങ്ങൾ

1) വാർഡ് തലത്തിൽ 80 വീടുകൾ വീതം ക്ളസ്റ്ററുകൾ ആയി തിരിച്ച് 15.3.23ന് ബോധവൽക്കരണ ക്

2) ഹരിത കർമ സേനയുമായി സഹകരിക്കാത്ത വീടുകളിൽ 31.3.24-ന് ഡോർ ടു ഡോർ ക്യാമ്പയിൻ ന

3) ഹരിത കർമ സേനയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 26.4.23-ന് പഞ്ചായത്തു ഹാളിൽ

4) സ്കൂൾ കോളേജ് മദ്രസ ആരാധനാലയങ്ങൾ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങയവരുടെ യോ ഹാളിൽ വച്ചു ചേരുകയും ബോധ വൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തു. ജൂൺ5ന് ഹരി കുട്ടികളുടെ ഹരിത സഭയും നടത്തി.

5) ശുചിത്വവുമായി ബന്ധപ്പെട്ട് സ്കൂളുകൾ അംഗനവാടികൾ മറ്റു സ്ഥാപനങ്ങൾ എന്നിവ ഉൽപ്പെടു വച്ചു31.7.23.ന് ബോധ വൽക്കരണ പരിപാടി സംഘടിപ്പിച്ചു.

6) സ്കൂളുകളിലും പഞ്ചായത്ത് ഓഫീസിലും എഴുതി തീർന്ന സമ്പാദ്യം എന്ന പേരിൽ ഓഗസ്റ്റിൽ പെൻ

7) കാഞ്ഞിരമറ്റം വളമംഗലം എന്നീ വാർഡുകളിൽ മാലിന്യം വലിച്ചെറിയുന്ന സ്ഥലങ്ങളിൽ ഓരോ സ്നേ

8) ജനുവരിയിൽ പഞ്ചായത്തിലെ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ഹരിത ഇൻസ്പെക്ഷൻ

9) 13.2.24ന് മാലിന്യമുക്തം നവകേരളം പദ്ധതിയുടെ മൂന്നാം ഘട്ട പ്രവർത്തനം നടത്തുന്നതിനായി അംഗനവാടി/ആശാ/കുടുംബശ്രീ/ഹരിതകർമസേന പ്രവർത്തകർ, വിവധ സ്ഥാപനമേധാവി തുടങ്ങയവർക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി.

10) കുട്ടികളിൽ മാലിന്യസംസ്കരണം സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനുവേണ്ടി സ്കൂൾ കാർഡ് മൽസരം സംഘടിപ്പിച്ചു.

11) നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ സംബന്ധിച്ച് പൊതു ജനങ്ങൽക്കായി ജൂൺ മാസത്തിൽ നോ

12) പഞ്ചായത്തിലെ വിവിധ അങ്ങാടികളിലും സ്ഥാപനങ്ങളിലും മാസ് ക്ലീനിംഗ് പ്രോഗ്രാം നടത്തി.

**6) തൊഴിൽ സൃഷ്ടിക്കൽ**

ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രത്യക്ഷമായും, റിജക്റ്റഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസ പരോക്ഷമായും തൊഴിൽ നൽകുന്നതിന് സാധിക്കുന്നു.

വർഷത്തിൽ ശരാശരി 2925250 രൂപ യൂസർഫീ ഇനത്തിലും 912865 രൂപ സ്ക്രാപ്പ് വിൽപനയിലും കള

ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാന വർദ്ധനവിനായി മറ്റു നടപടികളൊന്നും ഉണ്ടായിട്ടില്ല.

**7)അടിസ്ഥാന സൗകര്യ വികസനം**

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മാലിന്യശേഖരണത്തിനും സംസ്കരണത്തിനും വള
ഉണ്ടാക്കുന്നുണ്ട്. നിലവുള്ള MCF3000 ച.അടി വിസ്തീർണമുള്ള വാടകകെട്ടിടത്തിലാണ് പ്രവർത്തി
ഓഫീസ് , മീറ്റിംഗ് രിയ ഫസ്റ്റ് എയ്ഡ് ബോക്സ് അഗ്നി സുരക്ഷാ ഉപകരണങ്ങൾ,വെയ
സജ്ജീകരണങ്ങളും എം.സിഎഫിൽ ഒരുക്കിയിട്ടുണ്ട്.എന്നാൽ എം സിഎഫിന് വൈദ്യുതി ലഭ
ഒരുക്കിയിട്ടില്ല. ബെയ് ലിംഗ് മെഷീൻ ഷ്രെഡിംഗ് മെഷീൻ സോർട്ടിംഗ് ടേബിൾ കൺവെയർ ബെ
സൗകര്യങ്ങളും നിലവിലില്ല.

**8) പാരിസ്ഥിതിക ആഘാതം**

തെറ്റായ രീതിയിൽ മാലിന്യം കൈകാര്യം വ്യക്തികൾക്കു ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡും സ്ഥാ
പഞ്ചായത്ത് വിജിലൻസ് സ്ക്വാഡ് രൂപീകരിച്ച് നിയമനടപടികൾ സ്വീകരിച്ചുവരുന്നു. മാലിന്യ
പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ തടയൽ എന്നിവയിലൂടെയും 2023 മാർച്ച് മുതൽ 2024 മാർച്ച് വരെ 15
79500രൂപ പിഴ ഇനത്തിൽ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ലഭിച്ച പരാതികളുടെയും ഈടാക്കിയ
താഴെ ചേർക്കുന്നത്.

| പരിശോധന വിവരം | ലഭിച്ച പരാതികൾ | ഈടാക്കി തുക |
|---|---|---|
| ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡും ഗ്രാമ പഞ്ചായത്ത് വിജിലൻസ് സ്ക്വാഡും നടത്തിയ സംയുക്ത പരിശോധന | 6 | 46000/- |
| ഗ്രാമ പഞ്ചായത്ത് വിജിലൻസ് സ്ക്വാഡ് നടത്തിയ സംയുക്ത പരിശോധന | 9 | 33500/- |
| ആകെ | 15 | 79500 |

**9)പരിശീലനവും വികസനവും**

ഹരിതകർമ്മസേനാംഗങ്ങൾക്കു നൽകിയ പരിശീലനങ്ങളുടെ വിവരമാണ് താഴെ കൊടുക്കുന്നത്.

1. സെഗ്രിഗേഷൻ സംബന്ധിച്ച് ബരിതസഹായ സ്ഥാപനമായ ഗ്രീൻ വേംസ് അംഗങ്ങളുടെ നേതൃത്വ
ഹാളിൽ വച്ചച് ഹരിതകർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകി.

2. ഫയർ എക്സ്റ്റിംഗ്വിഷർ പ്രവർത്തിപ്പിയ്ക്കുന്നതു സംബന്ധിച്ച്7.4.24ന് പഞ്ചായത്തു ബാളിൽ
അംഗങ്ങൾക്ക് പരിശീലന പരിപാടി സംഘടിപ്പിച്ചു.

**10) നിയമങ്ങൾ പാലിക്കൽ**

23.2.23 തിയ്യതിൽ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധി
സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണം, നിയമ ലംഘനം, പിഴ എന്നിവയെ കുറിച്ചുള്ള നോട്ടീസ് വിത

**11)ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം**

ഹരിതകർമ്മസേനയുടെ ഓരോ മാസത്തെയും പ്രവർത്തനങ്ങളും പ്രശ്നങ്ങളും വിലയിരുത്തുന്ന
അവലോകനയോഗങ്ങൾ നടത്താറുണ്ട്. എല്ലാ ആഴ്ചയിലും ഹെൽത്ത് ഇൻസ്പെക്ടർ എംസിഎഫ് സ
വിലയിരുത്തുകയും എം സി ഫിൽ സൂക്ഷിച്ചിട്ടുള്ള വിസിറ്റേഴ്സ് ഡയറിയിൽ നിർദേശങ്ങൾ രേഖ
മാസാവലോകനയോഗങ്ങൾക്ക് പുറമെ അടിയന്തിര ഘട്ടങ്ങളിലും HKS മീറ്റിങ്ങുകൾ സംഘടിപ്പിക്ക
റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) നിലവിലില്ല.

1)അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1)MCF/RRF സ്ഥിരം/താത്കാലികം | MCF -താത്കാ<br>1എണ്ണം |
| 2)ബെയ്ലിംഗ്/ഷ്രെഡിംഗ് യൂണിറ്റുകൾ ഉണ്ടോ<br>ഉണ്ടെങ്കിൽ അവ സ്ഥിതി ചെയ്യുന്ന സ്ഥല വിവരം | ഉണ്ട്<br>വാർഡ് 2 ൽ ഒന്ന് |
| 3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | വാർഡ് 2 ൽ ഒന്ന് |
| 4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ | ഉണ്ട് |
| 5) അടിസ്ഥാന സൗകര്യങ്ങൾ<br>സ്റ്റോറേജ് എരിയ<br>സോർട്ടിങ് ഏരിയ | ഉണ്ട് |
| 6) റോഡ് ഗതാഗത സൗകര്യം ഉണ്ടോ | ഇല്ല |
| 7)അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ടോ | ഇല്ല |

2) മാലിന്യ കൈമാറ്റ കാര്യക്ഷമത

എല്ലാ വാർഡുകളിലും മുൻകൂട്ടി അറിയിപ്പ് നൽകിയശേഷം വീടുകലിൽ നിന്ന് എല്ലാ മാസവുംമ കുടുമ്പാഴം മാലിന്യം ശേഖരിയ്ക്കുന്നു.കൃത്യമായി MCF ൽ നിന്ന് കൈമാറ്റം ചെയ്യാറുണ്ട്. രണ്ടാഴ്ച കു മാലിന്യം ഗ്രീൻ വേംസ് കമ്പനിക്ക് കൈമാറുന്നു. മാലിന്യ നീക്കത്തിന്റെ വിവരങ്ങൾ കൃത്യമായി സൂക്ഷിയ്ക്കുന്നു

3)മാലിന്യ സംഭരണ ശേഷി

| | |
|---|---|
| 1)MCF ന്റെ ആകെ സംഭരണ ശേഷി | 40 |
| 2)ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിൻറെ അളവ്<br>ജൈവം/അജൈവം | 2 S |
| 3) ആകെ വിസ്തൃതിMCF | 300<br>ച. |
| ( ടാപ്പിംഗ്ഏരിയ 100 ച.അടി , സ്റ്റോറേജ് ഏരിയ 2000ച.അടി , സോർടിംഗ് ഏരിയ 250ച.അടി, മെഷിനറി ഏരിയ 200ച.അടി, കലക്ഷൻ ഏരിയ 550ച.അടി) | |

4)മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

MCF/RRF സുരക്ഷാ ക്രമീകരണങ്ങൾ

വാർഡുകളിൽ നിന്നും മാസം തോറും ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്ത് മൂല്യമുള്ള സാധനങ്ങൾ വിൽക്കുകയും റിജക്റ്റഡ് വേസ്റ്റ് ഗ്രീൻ ചെയ്യുന്നു. MCF ൽ തീപിടുത്ത സാഹചര്യം ഒവിവാക്കുന്നതിനായി ഫയർ എക്സ്റ്റിംഗ്വിഷർ സ്ഥാപിച്ച സുരക്ഷാ ഉപരണങ്ങൾ നൽകിയിട്ടുണ്ട്.

5)ശുചിത്വമാനദണ്ഡങ്ങൾ

വാർഡുകളിൽ നിന്നും കൊണ്ടുവരുന്ന മാലിന്യം തരം തിരിച്ചതിനു ശേഷം MCF ക്ളീൻ ചെയ്യുന്നുണ്ട് ‌ ഒഴിവാക്കുന്നതിനായി MCFഉം അതിന്റെ പരിസരവും ശുചിത്വമാർന്നതാക്കുന്നതിന് ശ്രദ്ധിയ്ക്കുന്നുണ്ട്.

6)യഥാസമയം മാലിന്യം കൈമാറുന്നതു സംബന്ധിച്ച്

റിജക്ടഡ് വേസ്റ്റ് MCFൽ നിന്നും കൊണ്ടു പോകുന്നതിന് ഗ്രീൻ വേംസിന കരാർ എടുത്തിട്ടുള്ളത് സാധനങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യുന്നുണ്ട്.

2023-24 വർഷത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ചുവടെ ചേർക്കും പ്ര ചെലവഴിച്ചിട്ടുണ്ട്.

| ക്രമനം. | പ്രോജക്റ്റ് | ഫണ്ടിനം | അടങ്കൽ | ചെ |
|---|---|---|---|---|
| 1 | നം. 176/24അജൈവ മാലിന്യം കയറ്റി അയയ്ക്കൽ | തനത് ഫണ്ട് | 600000 | 5 |
| 2 | നം. 159/24ഹരിതകർമസേനയ്ക്ക് യൂനിഫോം , സുരക്ഷാ ഉപകരണങ്ങൾ,എം സി.എഫിൽ ഭൗതിക സാഹചര്യം ഒരുക്കൽ | തനത് ഫണ്ട് | 150000 | 12 |
| 3 | നം. 50/24എം സി.എഫിന്ന വാടക നൽകൽ | തനത് ഫണ്ട് | 150000 | 6 |
| 4 | നം. 331/24ഹരിതകർമസേന വാഹന വാടക നൽകൽ | തനത് ഫണ്ട് | 300000 | 2 |
| 5 | നം. 54/24മിനി എം സി.എഫി റെയ്ഡ്കൊയ്ക്ക് തുക നൽകൽ | തനത് ഫണ്ട് | 66940 | 6 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.ഹരിതകർമ്മസേനയോടൊപ്പം, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, ക്ലബുകൾ എന്നിവരെ കൂട്ടി യോ രീതിയിൽ മാലിന്യശേഖരണവും സംസ്കരണവും നടത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേ

2.ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന വെല്ലുവിളിയായ മാലിന്യ സംസ്കരണം എന്ന പ്രശ്നത്ത കണ്ടെത്തുന്നതിനും സമ്പൂർണ്ണ ഉറവിട മാലിന്യ സംസ്കരണം എന്ന ലക്ഷ്യം കൈവരിക്കുന്ന ആവശ്യമാണ്.

3.ആവശ്യമായ പദ്ധതികൾ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഉൾപ്പെടെ ആസൂത്രണം ചെയ്ത് നടപ്പി

4.ഉറവിടത്തിൽ തന്നെ ജൈവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് പൊതുജനങ്ങൾ അവബോധം ന

## 1-12 തൊഴിൽ നികുതി - അപാകങ്ങൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204, 1996 ലെ കേരളാ പഞ്ചായത്ത ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1. 2023-2024 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കാത്തതായി കാണപ്പെട്ടു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | പ്രിസ്റ്റീൻ വാലി കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് | II |

| | | |
|---|---|---|
| 2 | കള്ള് ഷാപ്പ്, കളത്തുംപടി | I, II |
| 3 | മഅദിൻ ക്യു ലാൻഡ് | II |
| 4 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ് ഓളമതിൽ | II |

2. 2023-2024 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റുക പ്രകാരം താഴെ പറയുന്ന സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിലും അവയി തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അൽ ഫാറൂഖ് പബ്ലിക് സ്കൂൾ, തൃപ്പനച്ചി |
| 2 | അൽ ഇർഷാദ് പബ്ലിക് സ്കൂൾ, തൃപ്പനച്ചി |

മേൽപ്പറഞ്ഞ പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരവും, ഈടാക്കിയിട്ടില്ലെങ്കിൽ അതിന്റെ വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകി (നം. 23/2023-2024 തീ. 19.09.2024) ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാനാവ മേധാവികൾക്ക് ഫയൽ നം. TXPT07/GPO/2024/5212 തീ. 07.09.2024 പ്രകാരം കത്ത് നൽകിയി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേ

## 1-13 മുൻകൂർ തുക അടവാക്കി - മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണം നടത്തിയ "പി.എച്ച്.സിയിലേക്ക് മരുന്ന് പാലിയേറ്റീവ് കെയർ" എന്നീ പദ്ധതികളുടെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസസ് കോ-ഓപ്പ മരുന്ന് വാങ്ങിയതിന്റെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ/ വൗച്ചർ നമ്പർ | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | മരുന്ന് ലഭ്യ വിവരം | |
|---|---|---|---|---|---|---|---|
| | | | | | | ക്രമ നം. | ഇൻവേ നമ്പർ |
| 1. | 73/24 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ | 1200000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 1200000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 23150252023 001206715 തീ. 12.02.2024 - 712314/- | PRF3961 തീ. 12.02.2024 – 712314/- | 1 | 8514/ 30.05.2 |
| | | | | | | 2 | 5755/ 16.05.2 |
| | | | | | | 3 | 1387/ 08.04.2 |
| | | | | | | 4 | 30590/ 22.03.2 |
| | | | | | | 5 | 29726/ 08.03.2 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ആകെ | |
| 2 | 80/24 പരിരക്ഷ – പാലിയേറ്റീവ് കെയർ | 1200000 (വികസന ഫണ്ട് ജനറൽ)<br>1500000 (മെയ്ന്റനൻസ് – നോൺ-റോഡ്) | 1045762 (വികസന ഫണ്ട് ജനറൽ)<br>1499995 (മെയ്ന്റനൻസ് – നോൺ-റോഡ്) | 1. 23150252023 001498312 തീ. 24.03.2024 – 200000/- | PRF4875 | 1 | 30392/ 26.07.2 |
| | | | | | | 2 | 23633/ 11.07.20 |
| | | | | | | ആകെ | |
| | | | | 2. 23150252023 001498277 തീ. 24.03.2024 – 200000/- | PRF4874 | 1 | 45504/ 29.08.2 |
| | | | | | | 2 | 44726/ 28.08.2 |
| | | | | | | 3 | 41079/ 19.08.2 |
| | | | | | | 4 | 36893/ 09.08.2 |
| | | | | | | 5 | 21165/ 05.07.2 |
| | | | | | | 6 | 12956/ 13.06.2 |
| | | | | | | ആകെ | |
| | | | | 3. 23150252023 001209412 തീ. 13.02.2024 – 1308422/- | PRF3924 | 1 | 26001/ 16.07.2 |
| | | | | | | 2 | 30421/ 26.07.2 |
| | | | | | | 3 | 21561/ 06.07.2 |
| | | | | | | 4 | 10268/ 04.06.2 |
| | | | | | | 5 | 8510/ 30.05.2 |
| | | | | | | 6 | 1394/ 08.04.2 |
| | | | | | | 7 | 30956/ 22.03.2 |
| | | | | | | 8 | 29717/ 08.03.2 |
| | | | | | | 9 | 28797/ 04.03.2 |

| | | | | | | 10 | 28764/ 04.03.2 |
|---|---|---|---|---|---|---|---|
| | | | | | | | ആകെ |
| | ആകെ | | | | | | |

മേൽ പ്രൊജക്ടുകൾ പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡ്, തിരുവനന്ത നിന്നും ആകെ 1737063/- രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്. (പരിരക്ഷ പാലിയേറ്റിവ് കെയർ – 12225 മരുന്ന് വാങ്ങൽ 514553/-). ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/20 മരുന്ന് ലഭ്യമാക്കാത്തതുമായി ബന്ധപ്പെട്ട് കേരള മെഡിക്കൽ സർവ്വീസസ് കോ-ഓപ്പറേറ്റിവ് ലിമിറ്റ എന്ന് മറുപടി നൽകി. മരുന്ന് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ആവശ്യമായ രേഖകൾ സഹ ഹാജരാക്കേണ്ടതാണ്.

## 1-14 ബാങ്ക് അക്കൌണ്ടിൽ പണം സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ -

1. 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(A), RP-40(B) എന്നിവ പ്രകാരം ഗ്രാമപഞ്ച വേണ്ടി സൌത്ത് ഇന്ത്യൻ ബാങ്കിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-06190 തീയതിയിൽ 366240/- രൂപ മുൻബാക്കിയും 31.03.2024 തീയതിയിൽ 2393391/- രൂപ നീക്ക അക്കൌണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചത് പ്രകാരം 01.08.2024 തീയതിയിൽ ഈ അക്കൌണ്ടിൽ 3,2 ഉണ്ട്. ഈ ബാങ്ക് അക്കൗണ്ട് കറന്റ് അക്കൗണ്ട് ആണ് എന്ന് വ്യക്തമാവുന്നു.

പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തുന്നത് പലിശയിനത്ത വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകി (നം. 32/2023-2024 തീ. 20.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കറന്റ് അക്കൌണ്ടിൽ വരുന്ന വ സേവിങ്സ് അക്കൌണ്ടിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 1996-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ട പഞ്ചായത്ത് കൈപ്പറ്റുന്ന എല്ലാ പണവും ഏറ്റവും അടുത്ത ഗവൺമെൻറ് ട്രഷറിയിലോ പോസ്റ്റ് ഓഫീ സഹകരണ രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള സഹകരണ ബാങ്കിലോ ദേശസാത്കൃത ബാങ്കിലോ സൂക്ഷ പണം കൈപ്പറ്റുന്നതിനായി പഞ്ചായത്ത് സൌത്ത് ഇന്ത്യൻ ബാങ്ക് എന്ന സ്വകാര്യ ബാങ്കിൽ അക്കൌ (ഉദാ:- അക്കൌണ്ട് നം. 0619073000000391, 0619053000009774). ഇത് ചട്ടവിരുദ്ധമാണ്. അ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32/2023-2024 തീ. 20.09.2024) പഞ്ചായത്ത് കൈപ്പറ്റുന്ന പണം ഏറ്റവും അടുത്ത ഗവൺമെൻറ് ട്രഷറിയിലോ പോസ്റ്റ് ഓഫീസ സഹകരണ രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള സഹകരണ ബാങ്കിലോ ദേശസാത്കൃത ബാങ്കിലോ സൂക്ഷ സ്വീകരിക്കേണ്ടതാണ്.

## 1-15 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ "ഹോമിയോ ആശുപത്രിയിലേക്ക പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 7/24 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| | |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| ആകെ അടങ്കൽ | 400000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ആകെ ചെലവ് | 400000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ/ വൌച്ചർ നം. | 23150252024600388064 തീ. 02.08.2023 - 400000/- |

1. ഓഡിറ്റിന് ലഭ്യമാക്കിയ ഡെലിവറി നോട് പരിശോധിച്ചത് പ്രകാരം മേൽ പ്രൊജക്ടിന്റെ ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ (ഹോംകോ) 240544/- രൂപയുടെ അവശേഷിക്കുന്ന 159456/- രൂപയുടെ മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറി

| **ഹോംകോയ്ക്ക് മുൻകൂറായി നൽകിയ തുക** | **പ്രഫോർമ ഇൻവോയ്സ് നം.** | **മരുന്ന് ലഭ്യമായതിന്റെ വിവരങ്ങൾ** | | **ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ ആകെ തുക** |
|---|---|---|---|---|
| | | **ഡെലിവറി നോട്ട് നം.** | **തുക** | |
| 400000/- | PF – 160 തീ. 19.07.2024 - 400000/- | IN 1864 തീ. 12.08.2024 | 80049 | 159457 |
| | | IN 1214 തീ. 15.09.2023 | 160495 | |
| | | **ആകെ** | **240544** | |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/2023-2024 തീ. 18.09.2024) മ ബന്ധപ്പെട്ട് ഹോംകോയ്ക്ക് കത്ത് അയച്ചിരുന്നു എന്നും 2024 ഒക്ടോബർ മാസം മരുന്നുകൾ ല അറിയിച്ചതായും മറുപടി നൽകി. മരുന്ന് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ആവശ്യമാ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-16 കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണം നടത്തിയ കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിയു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | കോക്ലിയാർ ഇംപ്ലാന്റേഷൻ |
| പ്രോജക്ട് നം. | 365/24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| | |

| | |
|---|---|
| ആകെ അടങ്കൽ | 250000 (തനത് ഫണ്ട്) |
| ആകെ ചെലവ് | 157635 (തനത് ഫണ്ട്) |
| ചെക്ക് നം. | 159110 തീ. 25.03.2024 - 157635/- |

1. സ.ഉ. (കൈ) നം. 115/2022 തീ. 28.05.2022 (സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഇംപ്ലാന്റഡ് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റി നൽകാവുന്നതാണ്. ഇതിനായി ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിക്കുന്ന കുട്ടിക 50,000/- രൂപ നിരക്കിൽ ആകെ കുട്ടികൾക്ക് നൽകേണ്ട തുക കണക്കാക്കി ആയതും കേരള സോ നൽകേണ്ടതാണ്. എന്നാൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ കോക്ലിയാർ ഇ ഗുണഭോക്താക്കൾ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ നേരിട്ട് ഗുണഭോക്താക്കൾക്ക് പ ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ഉപകരണങ്ങളുടെ റിപ്പയറിംഗിന് നേരിട്ട് പണം അനുവദിക്കുന്ന പ്രത്യേക അനുമതി വാങ്ങിയിട്ടുണ്ടോ എന്നത് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വ തീ. 12.09.2024) മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) മറുപടി ലഭ്യമാക്കിയിട്ടില്ല.

2. സ.ഉ. (കൈ) നം. 115/2022 തീ. 28.05.2022 (സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഇംപ്ലാന്റഡ് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള 50,000/- രൂപ മാത്രമേ അനുവദിക്കാനാവൂ. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അധ കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | അനുവദിച്ച തുക | അധികം അനു (50,000 രൂ |
|---|---|---|---|---|
| 1 | റെബിൻ പി. | 1695108016946 | 69683 | |
| 2 | മുഹമ്മദ് ബിലാൽ എം. ടി. | 40181101043279 | 52736 | |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/2023-2024 തീ. 12.09.2024) മെഡ ലഭ്യമാക്കിയിട്ടില്ല.

നിലവിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നിർവഹണം നടത്താൻ അനുമതിയുള്ള പ്രേ നടത്തിയതും, അനുവദിച്ച നിരക്കിനേക്കാൾ അധികം ധനസഹായം അനുവദിച്ചതും ശ്രദ്ധയിൽ പെടു ഓഡിറ്റിന്റെ സമാപനത്തിൽ നടത്തിയ എക്സിറ്റ് മീറ്റിങ്ങിൽ പ്രോജക്ട് നേരിട്ട് നിർവഹണം ന നിരക്കിനേക്കാൾ അധികം ധനസഹായം അനുവദിച്ചതിനും സർക്കാരിൽ നിന്ന് സാധൂകരണം സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. സർക്കാരിൽ നിന്ന് സാധൂകരണം ലഭിച്ചാൽ ആയത് ഓഡിറ്റി അധികം നൽകിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ- തുടർവിവരം അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 7 ാം വാർഡിൽ ശ്രീ. അഹമ്മദ് കുതിരാടത്ത് ഹൗസ് പൂക്കളത്തൂർ എന്നവർ സ പെർമിറ്റിനായുള്ള അപേക്ഷ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | BPMC01/2023/9399/18.11.2023 |
| റീ സർവ്വെ നമ്പർ | BL-60-38/8,38/9-12 |
| കെട്ടിടത്തിന്റെ തരം | വാണിജ്യം |
| വിസ്തീർണ്ണം | 131.94 ച മീറ്റർ |

ഫയൽ പരിശോധിച്ചതിൽ 07.07.2024 തിയതി ചേർത്ത ഓഫീസ് കുറിപ്പിൽ മേൽ കെട്ടിട നിർമ്മാണ ഉണ്ടായിരുന്ന അപാകത പരിഹരിക്കുന്നതിനായി 2023/9399 /14.12.2023 നമ്പർ കത്ത് പ്രകാരം അ

പരിഹരിക്കാതെ നിർമ്മാണം പൂർത്തീകരിക്കുകയും പ്രൊപ്പോസ്ഡ് പ്ലാനിൽ കാണിച്ചത് പ്രകാരം ചേർന്ന് ഉണ്ടായിരുന്ന നിലവിലുണ്ടായിരുന്ന കെട്ടിടത്തോട് കൂട്ടിച്ചേർത്താണ് പുതിയ കെട്ടിടം നിർ ആർ പാലിക്കാതെ കെട്ടിടം നിർമ്മിച്ചതിനാൽ തെറ്റായി പ്ലാൻ സമർപ്പിച്ച അസി. എഞ്ചിനീയർ, കെട്ടി നടപടി സ്വീകരിക്കാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2019 ലെ കേരളാ പഞ്ചായത്ത ചട്ടങ്ങളിലെ ചുവടെ ചേർത്ത നിബന്ധനകൾ പാലിച്ചിട്ടില്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

1 ചട്ടം 23 (പൊതു റോഡുകളോട് ചേർന്നുള്ള നിർമ്മാണത്തിനുള്ള നിരോധനം),

2 ചട്ടം 24 (കെട്ടിടത്തിന്റെ ഉയരം തെരുവിന്റെ വീതിക്കനുസരിച്ച് പരിമിതപ്പെടുത്തിയിട്ടില്ല.)

3 ചട്ടം 26 (കെട്ടിടത്തിന്റെ അകത്തും പുറത്തും നൽകേണ്ട തുറസ്സായ സ്ഥലങ്ങൾ നൽകിയിട്ടില്ല)`

4 ചട്ടം 27 പ്രകാരം കെട്ടിടത്തിന്റെ കവറേജ്, FSI എന്നിവ പരിമിതപ്പെടുത്തിയിട്ടില്ല.

5. ചട്ടം 29 പ്രകാരം ആവശ്യമായ പാർക്കിംഗ് കയറ്റിറക്കത്തിനുള്ള സ്ഥലങ്ങൾ നൽകിയിട്ടില്ല

6. ചട്ടം 34 പ്രകാരം ആവശ്യമായ ശുചിത്വ സൗകര്യങ്ങൾ നൽകിയിട്ടില്ല.

കെട്ടിടത്തിൻമേൽ ഗ്രാമപഞ്ചായത്ത് നിലവിൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ (കെട്ടിടം ക്രമവര അടവാക്കിയതിന്റെ രേഖകൾ സഹിതവും ക്രമവൽക്കരിച്ചിട്ടില്ലെങ്കിൽ അനധികൃതകെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഉൾപ്പെടെ) പരിശോധനക്ക് ഹാജരാക്കുന്നതി എൻക്വയറിക്ക് (31/20.09.2024) അപാകത സൂചിപ്പിച്ചുകൊണ്ട് കെട്ടിട ഉടമക്ക് കത്ത് നൽകിയെ ലഭ്യമാക്കിയിട്ടില്ലയെന്നും 07.07.24ന് ഓവർസിയർ നേരിട്ട് പരിശോധന നടത്തിയതിൽ സ വ്യത്യസ്തമായി പിഡബ്ലിയു റോഡിനോട് ചേർന്ന് നിർമ്മിച്ചിട്ടുണ്ടെന്നും മേൽ സൂചിപ്പിച്ച നടത്തിയിട്ടുള്ളതായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനും കെ നൽകുകയും യാതൊരു മറുപടിയും സമർപ്പിക്കാത്തതിനാൽ കെട്ടിടത്തിന് അനധികൃത നമ്പർ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

കെട്ടിടത്തിൻമേൽ സ്വീകരിച്ച തുടർനടപടിവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 ഐ സി ഡി എസ് സൂപ്പർവൈസറുടെ പദ്ധതി സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

ഐ സി ഡി എസ് സൂപ്പർവൈസറുടെ കാഷ് ബുക്ക്, വിവിധ ചെലവ് ബില്ലുകൾ എന്നിവ പരിശോധി സൂപ്പർവൈസർ നിർവ്വഹണം നടത്തിയതും 2023-24 സാമ്പത്തിക വർഷത്തിൽ ചെലവ് വന്നിട്ടു പദ്ധതി സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

.

| | |
|---|---|
| പ്രൊജക്റ്റ് | ഭിന്ന ശേഷിക്കാർക്ക് ഭിന്നശേഷി സൗഹൃദടോയ്‌ലറ്റ് നിർമ്മാണം ( |
| ചെലവ് | 36000/- |
| ബിൽ നമ്പർ | 23150252023201053422/10.01.24 |
| ഫണ്ട് | വികസന ഫണ്ട് ജനറൽ |

മേൽ പദ്ധതിയുടെ ചെലവ് സുലേഖയിൽ ഉൾപ്പെടുത്താത്തതിനാൽ ഐ സി ഡി എസ് സൂപ്പർവൈ പദ്ധതികളുടെ ശരിയായ ചെലവ് വിവരം വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/11.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 ലൈഫ് ഭവന പദ്ധതി-അധിക തുക നൽകി

| | |
|---|---|
| പ്രൊജക്റ്റ് | ലൈഫ് ഭവന നിർമ്മാണം ജനറൽ (150/24) |
| അടങ്കൽ | 700,00,000 |
| ചെലവ് | 5200000/-വികസന ഫണ്ട്<br>11900000/- സംസ്ഥാനാവിഷ്കൃത ഫണ്ട്<br>1070000/-ബ്ലോക്ക് പഞ്ചായത്ത്<br>1520000/-ജില്ലാ പഞ്ചായത്ത്<br>12990000/- മറ്റുള്ളവ |
| നിർവ്വഹണം | വി ഇ ഒ |

സ ഉ(കൈ) നം.115/2022/തസ്വഭവ തീയതി 28.05.2022 ൽ 6.7 പ്രകാരം ജനറൽ വിഭാഗത്തിന 400000/- രൂപയാണ് അനുവദിക്കാവുന്ന പരമാവധി ധനസഹായം. എന്നാൽ മേൽ പ്രൊജക്റ്റ് പ്രകാ മുഹമ്മദ് റഫീഖ്, പുവൻചാലിൽ, വാർഡ് 2 എന്ന ഗുണഭോക്താവിന് അധികം തുക അനുവദിച്ചതായി ചവുടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| അക്കൗണ്ട് നമ്പർ | 40181100402930 | | |
| അനുവദിച്ച തുകയുടെ വിശദാംശങ്ങൾ | വൗച്ചർ /ബിൽനമ്പർ | തുക | അക്കൗണ്ടി ക്രെഡിറ്റായ |
| | 23150252022800497428/25.08.2023 | 40000/- | 01.09.2023 |
| | 22300593/31.10.2023 | 200000/- | 31.10.2023 |
| | 22300798/04.01.2024 | 100000/- | 04.01.2024 |
| | 22300849/16.02.2024 | 100000/- | 19.02.2024 |
| | ആകെ | 440000/- | |
| അധികം നൽകിയത് | | 40000/- | |

അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം ലഭ്യമാകുന്നതിനായി നൽകിയ ഓഡിറ്റ് എൻ എത്രയും പെട്ടെന്ന് തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ഖണ്ഡിക ഭാഗം 3 ൽ(3-1) ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-20 ഹരിത കർമ്മ സേനക്ക് ഉപകരണങ്ങൾ വാങ്ങൽ- സ്റ്റോക്ക് അപാകത

| | |
|---|---|
| പ്രൊജക്റ്റ് | ഹരിത കർമ്മ സേനക്ക് യൂണിഫോം സുരക്ഷാ ഉപകരണങ്ങൾ എം സി എഫിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ (159/24) |

| | |
|---|---|
| അടങ്കൽ | 150000 (തനത് ഫണ്ട്) |
| ചെലവ് | 49225/- |
| വൗച്ചർ നമ്പർ | 24750/-22300836/ 23.03.2024<br>24505/- 22300946/ 13.03.2024 |
| നിർവ്വഹണം | വി ഇ ഒ |

മേൽ പ്രൊജക്റ്റ് പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് വിടി എഞ്ചിനീയറിംഗ് വർക്ക്സ് പൂൽപറ്റ എന്ന സ്ഥാപ
രൂപ) എം സി എഫിലേക്ക് 3 സ്റ്റീൽ ടേബിൾ , KB Agencies മലപ്പുറം എന്ന സ്ഥാപനത്തിൽ നിന
നമ്പർ ഇൻവോയ്സ് പ്രകാരം ചുവടെ ചേർത്ത ഇനങ്ങളും വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം |
|---|---|
| FML Komal Laundry Basket | 1 |
| FML Reena 18 Basket | 25 |
| FML 6000 Economy Bucket | 12 |
| Harpic Original 500 Ml | 12 |
| FML Utility Basket Smallf-510 | 10 |
| Gloves Super Grip | 120 |
| 1 Ltr Mug Tottal | 4 |
| Bucket 031 Tottal | 4 |
| Venma Floor Cleaner | 12 |

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്റ്റീൽ ടേബിൾ വാങ്ങിയതിന്റെ ഇൻവോയ്സ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

